(എഫ്) ഉദ്ബോധന കേന്ദ്രങ്ങളിൽ അത്യാവശ്യ സ്പോർട്സ് സാമഗ്രികൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ&ബി) പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുട്ടികളെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ആശ്രമം സ്കൂളുകളിലും ചേർത്ത് പഠിപ്പിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ കുട്ടികളെ തെരഞ്ഞെടുത്ത് നിലവാരമുള്ള സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കാനുള്ള 'മെച്ചപ്പെട്ട വിദ്യാഭ്യാസ' പദ്ധതിയും ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കുന്നുണ്ട്.

(സി,ഡി,ഇ&എഫ്) ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് അതാത് സ്ഥലത്തെ ബാലവാടികൾ, ബാലവാടികം-ഫീഡിംഗ് സെന്റർ, സീസണൽ ഡേ കെയർ സെന്റർ, ഡോർമിറ്ററികൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. ആയതിനാൽ ഇത് സംബന്ധമായ നടപടികൾ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമാണ് സ്വീകരിക്കേണ്ടത്. ഉദ്ബോധനകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം വിശദമായി പരിശോധിക്കേണ്ടതുണ്ട്.

വൈദ്യുത പദ്ധതി പ്രദേശങ്ങൾ കേന്ദ്രീകരിച്ചുള്ള "ഹൈഡൽ ടൂറിസം"

24(*204) ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി പദ്ധതി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് "ഹൈഡൽ ടൂറിസം" പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ സ്വയം ഭരണാധികാരത്തോടെ ''കേരള ഹൈഡൽ ടൂറിസം സെന്റർ'' പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെയാണ് ഇതിന്റെ പ്രവർത്തനങ്ങൾ എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഹൈഡൽ ടൂറിസം ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പദ്ധതി പ്രദേശങ്ങളും അനുബന്ധ പ്രദേശങ്ങളും വ്യക്തമാക്കുമോ ;

(ഇ) ഹൈഡൽ ടൂറിസം പദ്ധതിയുടെ ഘടനയും ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങളും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വിനോദ സഞ്ചാര വികസനത്തിന് അനുയോജ്യമായ പ്രകൃതി രമണീയമായ എല്ലാ ചുറ്റുപാടുകളും ഉൾക്കൊള്ളുന്നതാണ് വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ജലസംഭരണികളും അനുബന്ധ ഘടകങ്ങളും. ഇവയെല്ലാം വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്നതും, വിദേശനാണ്യം നേടാൻ ഉതകുന്നതുമാണ്. ഇവയെല്ലാം പരിസ്ഥിതിക്കും പദ്ധതിക്കും കോട്ടം തട്ടാത്ത രീതിയിൽ ദീർഘവീക്ഷണത്തോടെ പ്രയോജനപ്പെടുത്താനുള്ള നയപരിപാടിയുടെ ഭാഗമായാണ് ഈ ഹൈഡൽ ടൂറിസം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പ്രകൃതി സൗന്ദര്യത്തെ അതേപടി നിലനിർത്തിക്കൊണ്ട് ആകർഷകങ്ങളായ ടൂറിസം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(ഡി) മൂന്നാർ, മാട്ടുപ്പെട്ടി, കുണ്ടള, ഇടുക്കി, കുളമാവ്, പെരിങ്ങൽകുത്ത്, അതിരപ്പിള്ളി, ഷോളയാർ, മൂഴിയാർ-പമ്പ-ഗവി, കക്കയം എന്നീ പദ്ധതി പ്രദേശങ്ങളാണ് ഹൈഡൽ ടൂറിസത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) പ്രധാനമായും പരിസ്ഥിതിക്ക് കോട്ടം തട്ടാതെയുള്ള പരിസ്ഥിതി-സൗഹൃദ-വിനോദസഞ്ചാരം (ഇക്കോ-ഫ്രന്റ്ലി ടൂറിസം) ആണ് വിഭാവനം ചെയ്തിരിക്കുന്നത്. സുരക്ഷാ സംവിധാനത്തോടുകൂടിയുള്ള വിപുലമായ ബോട്ടിംഗ് സൗകര്യങ്ങൾ ജലസംഭരണികളിൽ ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.

വൈദ്യുതി ബോർഡിൽ വികേന്ദ്രീകരണം നടപ്പാക്കുന്നതിന് കനേഡിയൻ ധനസഹായം

25(*205) ശ്രീ. പി. ജെ. ജോയി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ വികേന്ദ്രീകരണം നടപ്പാക്കുന്നതിനായി കനേഡിയൻ ഏജൻസി എന്തെങ്കിലും ധനസഹായം വാഗ്ദാനം ചെയ്തിരുന്നുവോ ;

(ബി) എങ്കിൽ ഏതെല്ലാം സഹായമാണെന്ന് വിശദീകരിക്കുമോ ;

(സി) ഇതുവരെ ഇക്കാര്യത്തിനായി കനേഡിയൻ വികസന ഏജൻസി എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട് ;

(ഡി) സഹായം സ്വീകരിച്ചതിനുശേഷം വികേന്ദ്രീകരണം നടപ്പാകാതിരിക്കുന്നതിന് കാലതാമസം വരുത്തുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly